## പതിമൂന്നാം കേരളനിയമസഭ

### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2133** **23.3.2012 ൽ മറുപടിയ്ക്ക്**

### ജലേതരവൈദ്യുത പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവകുപ്പുമന്ത്രി) |
| (എ) | ജലേതരവൈദ്യുത പദ്ധതികൾ പ്രധാനമായും കാറ്റിൽ നിന്നും തിരമാലകളിൽ നിന്നുംമറ്റും, ആവിഷ്കരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ; | (എ) | തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെ സംബന്ധിച്ച് പദ്ധതികളൊന്നും നിലവിലില്ല. കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ട്. |
| (ബി) | ഇതിനായി നിലവിൽ എന്തെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിയ്ക്കുമോ? | (ബി) | ഇടുക്കി ജില്ലയിലെ രാമക്കൽമേട് ഉൾപ്പെടെ കാറ്റിൽ നിന്നും 200 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി സ്ഥാപിക്കുന്നതിനായി NTPC യുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. 8 സ്ഥലങ്ങളിൽ കാറ്റിന്റെ ലഭ്യത ശാസ്ത്രീയമായി അളക്കാനുള്ള മാപിനികൾ സ്ഥാപിക്കാനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻഓഫീസർ